## കുടുംബ വിശേഷങ്ങൾ

### Ardratha Relief Centre



OCYM ആർദ്രത റിലീഫ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന നിർദ്ധന രോഗികൾക്കു വേണ്ടിയുള്ള മരുന്ന് വിതരണത്തിന്റെ ഡൊണേഷൻ ക്യാമ്പയിൻ ഉദ്ഘാടനം ശ്രീ. ചെറിയാൻ തോമസിൽ നിന്ന് സംഭാവന സ്വീകരിച്ചുകൊണ്ട് വർഗ്ഗീസച്ചൻ നിർവ്വഹിക്കുന്നു. ജനറൽ കൺവീനർ ശ്രീ. സാബു ചെറിയാൻ സമീപം.



എളംകുളം മാർ ഗ്രിഗോറിയോസ് ചാപ്പലിലെ പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിന്റെ കൊടിയേറ്റൽ ചടങ്ങ് പ്രിൻസച്ചൻ നിർവ്വഹിക്കുന്നു.

## OCYM

**പരുമല പദയാത്ര:** 1.11.2012-ൽ OCYM ഇടവക യൂണിറ്റിന്റെ നേതൃത്വത്തിൽ പരുമല കാൽനട തീർത്ഥയാത്ര നടത്തി. രാവിലെ 7 മണിയോടെ ഫാ. പ്രിൻസ് മാത്യു പ്രാർത്ഥിച്ച് യാത്രയാക്കിയ സംഘം 9 മണിയോടെ തിരുവല്ല പാലിയേക്കര പള്ളിയിൽ എത്തിച്ചേർന്നു. തുടർന്ന് "പരിശുദ്ധ പരുമല തിരുമേനീ.. ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ" എന്ന പ്രാർത്ഥനയോടെ കാൽ നടയായി പരുമലയിൽ എത്തിച്ചേർന്നു. പരുമലയിൽ ചിലവഴിച്ച നിമിഷങ്ങളുടെ അനുഗ്രഹസ്മരണകളുമായി സംഘം ഉച്ചയ്ക്കു ശേഷം മടങ്ങി. സോന, സിന്ധു, റൂബി, സിബി, സാബു, ഗീവർഗ്ഗീസ് എന്നിവർ നേതൃത്വം നൽകി. മാസ്റ്റർ എൽദോ, മാസ്റ്റർ എബിൻ എന്നിവരാണ് കാൽനടയിൽ ഉടനീളം ബാനർ ഏന്തിയത്.




### SUNDAY SCHOOL - DIOCESE RESULTS

***Verses Writing (Jr.)***
1st Prize - **Megha Romeo** (Deepam), 2nd Prize - **Abel Varghese Shibu** (St.Mary's)

***Group Song***
1st Prize - **Phoeba Reena George, Diya Ninan, Cyril Philip Chacko** (St.Mary's)

***Verses Writing (Sr.)***
1st Prize - **Mithun Romeo** (Deepam), 2nd Prize - **Cyril Philip Chacko** (St.Mary's)

***General Knowledge (Sr.)***
1st Prize - **Mithun Romeo** (Deepam)
Higher Secondary
1st Prize - **Merryl Abraham** (St.Mary'sl)

### മാമോദീസാ

എറണാകുളം മനവേൽ ശ്രീ. ജഗൻ ഏബ്രഹാം എം. ജോർജ്ജിന്റെയും ശ്രീമതി മഞ്ജുള ഏബ്രഹാമിന്റെയും മകൾ **എലിസബെത്ത് (Melnissa Abraham)** 14.10.2012 -ൽ മാമോദീസാ സ്വീകരിച്ചു.

***ഈ പൈതലിന് ദൈവകൃപ ആശംസിക്കുന്നു.***

### വിവാഹം

എറണാകുളം കോമ്പാറ ചെറുവത്തൂർ ശ്രീ. സി. സി. ജോസിന്റെയും ശ്രീമതി സുജ ജോസിന്റെയും മകൻ **സുജോയിയും** വടകര നരിക്കുഴിയിൽ ശ്രീ. എം. ഐ. കുര്യാക്കോസിന്റെയും ശ്രീമതി സുജാത കുര്യാക്കോസിന്റെയും മകൾ **റീനുവും** തമ്മിലുള്ള വിവാഹം 21.10.2012-ൽ കത്തീഡ്രലിൽ നടന്നു.

***വധൂവരന്മാർക്ക് മംഗളാശംസകൾ!***

### നിര്യാതയായി

എറണാകുളം ജവഹർ നഗർ പരേതനായ ഡോ. ബാബു തോമസിന്റെ ഭാര്യ **ശ്രീമതി റേച്ചൽ തോമസ്** (72) 20.10.12-ൽ നിര്യാതയായി. 27.10.12-ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

***ആദരാഞ്ജലികൾ***

### വിശേഷദിവസങ്ങൾ

**നവംബർ 2012**

| | | |
|---|---|---|
| 8 ചൊവ്വ | - | പ. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവയുടെ ഓർമ്മ (ദേവലോകം) |
| 11 ഞായർ | - | ഹൂദോസ് ഈത്തോ ഞായറാഴ്ച |
| 18 ഞായർ | - | സ്കറിയയോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച |
| 24 ശനി | - | പഴയ സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെയും, ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെയും ഓർമ്മ (പഴയ സെമിനാരി) |
| 25 ഞായർ | - | വി. ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച |
| **ഡിസംബർ** | | |
| 1. ശനി | - | ഇരുപത്തഞ്ചു നോമ്പാരംഭം |

**വി. കുർബ്ബാനസമയം – എളംകുളം മാർ ഗ്രിഗോറിയോസ് ചാപ്പൽ**
Nov. 11 - 07.00 a.m. Nov. 18 - 10.00 a.m. Nov. 25 - 07.00 a.m. Dec. 02 - 10.00 a.m.

Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design: Cornet, Cochin
*Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com For Private Circulation only*
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490**





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 6 ● ISSUE : 11 NOVEMBER 2012

## എഡിറ്റോറിയൽ

# വെളുപ്പാൻ കാലം-പ്രാർത്ഥനാ സമയം

അടുത്തയിടെ ഒരു സ്നേഹിതൻ പറയുന്നതു കേട്ടു അദ്ദേഹം എന്നും വെളുപ്പിന് നാലു മണിക്ക് എഴുന്നേൽക്കുമെന്ന്. അദ്ദേഹം കൂട്ടിച്ചേർത്തു "ഞാൻ എഴുന്നേൽക്കുകയല്ല ദൈവമെന്നെ എഴുന്നേൽപ്പിക്കുക"യാണെന്ന്. "തളർന്നിരിക്കുന്നവനെ വാക്കുകൾ കൊണ്ട് താങ്ങുവാൻ അറിയേണ്ടതിന് യഹോവയായ കർത്താവ് എനിക്ക് ശിഷ്യന്മാരുടെ നാവു തന്നിരിക്കുന്നു. അവൻ രാവിലെ തോറും ഉണർത്തുന്നു, ശിഷ്യൻമാരെപ്പോലെ കേൾക്കേണ്ടതിന് അവൻ എന്റെ ചെവി ഉണർത്തുന്നു." (യെശ.50;4). നമുക്ക് മനസ്സുണ്ടെങ്കിൽ ദൈവം തന്ന ദിവസത്തിന്റെ ഏറ്റവും നല്ല സമയമായ വെളുപ്പാൻ കാലത്ത് നമ്മെ വിളിച്ചുണർത്തുമെന്നാണ് ഈ വേദവാക്യം തരുന്ന ദൂത്.

വേദപുസ്തകത്തിൽ നാം കാണുന്ന വിശുദ്ധന്മാർ അവരുടെ ജീവിതം പൂർണ്ണമായും ദൈവഹിതത്തിനു വിട്ടു കൊടുത്തവരായിരുന്നു. ദൈവത്തെ ആരാധിക്കുന്നതിനും അവനിൽ നിന്നുള്ള നിർദ്ദേശം സ്വീകരിക്കുന്നതിനും വേണ്ടി ഏകാഗ്രതയോടെ ദൈവസന്നിധിയിൽ കുറച്ചു സമയം ചിലവഴിക്കുവാനായി അവർ അതിരാവിലെ ഉണർന്നെണീക്കുക പതിവായിരുന്നെന്നു കാണാം. "അബ്രഹാം രാവിലെ എഴുന്നേറ്റു താൻ യഹോവയുടെ സന്നിധിയിൽ നിന്നിരുന്ന സ്ഥലത്തു ചെന്നു" (ഉല്പ 19: 27) എന്നും എഴുതിയിരിക്കുന്നു. അതുപോലെ യാക്കോബ് അതികാലത്തെഴുന്നേറ്റു തലയണയായി വച്ചിരുന്ന കല്ലെടുത്ത് തൂണായി നിർത്തി അതിന്മേൽ എണ്ണ ഒഴിച്ചു (ഉല്പ 28:18) എന്നും എഴുതിയിരിക്കുന്നു. യാക്കോബ് ഉറക്കമുണർന്നതും യഹോവയെ കണ്ടുകൊണ്ടായിരുന്നു എന്നും തിരുവചനം നമ്മെ പഠിപ്പിക്കുന്നുണ്ട്. ഇനിയും മോശയുടെ കാര്യം നോക്കാം "അങ്ങിനെ മോശ മുമ്പിലത്തെപ്പോലെ രണ്ടു കൽപലക ചെത്തി അതികാലത്തെ എഴുന്നേറ്റ് യഹോവ തന്നോട് കൽപിച്ചതു പോലെ സീനായി പർവ്വതത്തിൽ കയറിപ്പോയതായും" (പുറ.34; 4) നാം വായിക്കുന്നു. യരീഹോ പട്ടണം പിടിക്കാനായി വട്ടം കൂട്ടിക്കൊണ്ടിരുന്ന യോശുവയും അതു തന്നെയാണ് ചെയ്തത്. "യോശുവ അതികാലത്തെ എഴുന്നേറ്റു, പുരോഹിതന്മാർ യഹോവയുടെ പെട്ടകം എടുത്തു." (യോശു 6:12). ദൈവഹിതത്തെക്കുറിച്ച് നിശ്ചയം വരുത്തുന്നതിനായി താൻ രാത്രിയിൽ നിവർത്തിയിട്ടിരുന്ന രോമമുള്ള ആട്ടിൻതോൽ പരിശോധിക്കുന്നതിനായി അതിരാവിലെ എഴുന്നേറ്റ ഗിദയോനും ഇവരുടെയെല്ലാം മാതൃകയാണ് പിൻപറ്റിയത്. (ന്യായാ 6:12). ഹന്നായും ഏൽക്കനായും യഹോവയെ നമസ്കരിപ്പാ നായി അതികാലത്തെ എഴുന്നേറ്റു (1 ശമു;1:19). രാത്രി മുഴുവൻ യഹോ വയോട് നിലവിളിച്ച ശേഷം ശമുവേലും ശൗലിനെ എതിരേൽക്കാൻ അതിരാവിലെ തന്നെ എഴുന്നേറ്റതായി കാണാം. (1 ശമു:15: 11, 12). ശൗലിനെ രാജാവായി വാഴിച്ച ശമുവേൽ കൊടുത്ത കൽപനകൾ അനുഷ്ഠിക്കാതിരുന്ന ശൗലിനെയോർത്ത് വ്യസനപ്പെട്ട് യഹോവയോട് നിലവിളിക്കുവാൻ കണ്ടെത്തിയ സമയമായിരുന്നുവല്ലോ വെളുപ്പാൻ കാലം. ഇയ്യോബ് തന്റെ പുത്രന്മാർ ദൈവത്തിൽ നിന്ന് അകന്നു പോവാ തിരിക്കാൻ ആളയച്ച് അവരെ വരുത്തി ശുദ്ധീകരിക്കയും നന്നേ രാവിലെ എഴുന്നേറ്റ് അവരുടെ സംഖ്യക്കൊത്തവണ്ണം ഹോമയാഗങ്ങളെ കഴിക്കയും ചെയ്യുമായിരുന്നു (ഇയ്യോ. 1 : 5). നമ്മുടെ കർത്താവിനെ അനുഗമിച്ച സ്ത്രീകളും ആ ഒന്നാമത്തെ ഈസ്റ്റർ ദിനത്തിൽ തന്റെ കബറിലേക്കു പോകുവാനായി അതികാലത്തു തന്നെ (മ ക്കോ. 16.2) എഴുന്നേറ്റതായി കാണാം.

ഇതെല്ലാം കാണിക്കുന്നത് ദൈവത്തോട് പ്രാർത്ഥിക്കുന്നതിനും, ദൈവ വചനം പഠിക്കുന്നതിനും ഏറ്റവും നല്ല സമയം അതിരാവിലെയാണെന്നാണ്. ■

## ഇടയ ലേഖനം

# പരുമലയിലേക്ക് വീണ്ടും

*ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത*



പരുമല ഒരു ദ്വീപാണ്. മാന്നാർ കടവിലെ പാലം കടന്നുവേണം പരുമലപള്ളിയിലും വിശുദ്ധന്റെ കബറിടത്തിലുമെത്താൻ. പരുമല പുണ്യവാളന്റെ പരിമളം പ്രസരിക്കുന്ന സ്ഥലത്തെത്താൻ ചില ഒരുക്കങ്ങളാകുന്ന പാലം കടന്നുപോകേണ്ടിയിരിക്കുന്നു എന്നു സാരം.

വളരെ ചെറുപ്രായത്തിൽത്തന്നെ മഹത് ദർശനം ലഭിച്ചയാളായിരുന്നു ഈ പരിശുദ്ധൻ. ആ ദർശനത്തെ ലളിതജീവിതം, പരോപകാര തൃഷ്ണ, തുടരെയുള്ള പ്രാർത്ഥനകൾ, ഉപവാസം, രാത്രികാലങ്ങളിലെ ജാഗരണം തുടങ്ങിയ സുകൃതാഭ്യാസങ്ങളാൽ അദ്ദേഹം പരിപോഷിപ്പിച്ചു. ജ്ഞാനോദയം വഴി ആത്മസാക്ഷാത്ക്കാരവും നേടി. വിശുദ്ധന്മാരെ ഗ്രഹിക്കുന്നതിന് കിഴക്കൻ സഭയുടെ ആരാധനാക്രമത്തിൽ പ്രയോഗിച്ചിരിക്കുന്ന ഒരു താരതമ്യം ഒരു മഹാബോധിവൃക്ഷത്തോടാണ്. അതിന്റെ വേരുകൾ മണ്ണിൽ ആഴത്തിൽ ഇറങ്ങിയിരിക്കുന്നു. ശിരസ്സ് സ്വർഗ്ഗത്തിലെത്തി നിൽക്കുന്നു. ആ ഉന്നതികളുമായി നിരന്തര സംവാദത്തിലാണ് ഈ വൃക്ഷം.

മലങ്കരസഭയ്ക്കും ലോകത്തിനും ഈശ്വരൻ കനിഞ്ഞരുളിയ മഹത് ജീവിതമായിരുന്നു മുളന്തുരുത്തിയിൽ നിന്നും പൊട്ടിവിടർന്നത്. ഇത്തരം ദർശനപടുകൾ അപൂർവ്വമായേ ഈ ഭൂമിയിൽ അവതരണം ചെയ്യാറുള്ളൂ. സുകൃത ജീവിതത്തിലും ആത്മത്യാഗത്തിലും ശോഭിച്ചു നിൽക്കുമ്പോൾത്തന്നെ ചുറ്റുപാടുള്ളവരുടെ കണ്ണുനീരൊപ്പാൻ അവർക്കു തിടുക്കമായിരിക്കും. വഴി തെറ്റിയവരെ നേർവഴിക്കു നടത്താനും, സുകൃത ജീവിതത്തിനു മാതൃകയാകാനും ദൈവത്താൽ നിയമിതരായവരാണ് അവർ.

നവംബർ മാസം മാർ ഗ്രിഗോറിയോസ് പുണ്യവാളന്റേതാണ്. അമ്പത്തിനാലു വർഷത്തെ സൗരഭ്യ ജീവിതത്തിന് 1902-നവംബർ രണ്ടിന് വിരാമമായി. വിശുദ്ധഗ്രന്ധഭാഷയിൽ അദ്ദേഹം ഇന്നും നമ്മോടു സംസാരിച്ചുകൊണ്ടിരിക്കുന്നു. കേൾക്കാൻ നാം കാതോർക്കുമോ? ജീവിത യാത്രയിലെവിടെയോ വെച്ച് കണ്ടുമുട്ടിയിട്ട് വിസ്മൃതകോടിയിൽ ഉപേക്ഷിക്കേണ്ട കേവല സ്മരണയല്ല, പരുമലപ്പെരുന്നാൾ. ഈ പിരുശുദ്ധൻ ഒരു ഗരുവുമായിരുന്നു, എല്ലാ പുണ്യവാളന്മാരും അങ്ങനെ തന്നെ. അവർ വാക്കുകൾ കൊണ്ടും, നിശബ്ദത കൊണ്ടും, മാതൃകാ കർമ്മങ്ങൾകൊണ്ടും നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ജീവിതചര്യയെപ്പറ്റി, വിശ്വാസ ജീവത പാലനത്തെപ്പറ്റി, അനുതാപത്തെപ്പറ്റി, സഹോദരസ്നേഹത്തെപ്പറ്റി എല്ലാം അദ്ദേഹം നമ്മോട് സംഭാഷിച്ചുകൊണ്ടിരിക്കുന്നു. തികഞ്ഞ 'അച്ചടക്കമാണ് സന്യാസിയുടെ ജീവിതത്തിന്റെ നിമിത്തവും, പൊരുളും. മാർഗ്രിഗോറിയോസ് പൗരസ്ത്യ സന്യാസിമാരെ ദൃഷ്ടാന്തമാക്കി പ്രയാണം ചെയ്ത തീർത്ഥാടകനായിരുന്നു. അച്ചടക്കരാഹിത്യവും, അശാന്തിയും, സ്വാർത്ഥതയും വരുത്തുന്ന കാർമേഘങ്ങൾക്കിടയിൽ പ്രകാശ വീചിയായി അദ്ദേഹം വരുന്നു. ആ തേജപുണ്യത്തിന്റെ വെളിച്ചവും വർദ്ധിച്ചു വരുന്നു. നമുക്ക് അദ്ദേഹം ആശ്രയവും മദ്ധ്യസ്ഥനും, ദൈവമുമ്പിൽ ജാമ്യവുമാണ്. വിനയപൂർവ്വം ഈ പിതാവിന്റെ അടുത്തു ചെല്ലാം ദൈവത്തിന്റെ അസ്പൃഷ്ടപ്രകാശത്തിന്റെ തേജസ് വിളങ്ങുന്ന സ്ഥാനമാണത്. ശരീരാത്മദേഹികളുടെ ഏകാഗ്രതയോടെ നിലവിളിക്കാം.

*"വി. മാർ ഗ്രിഗോറിയോസ് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചാലും!"* ■

**കാതോലിക്കേറ്റ് ശതാബ്ദി സമാപന സമ്മേളനം നവംബർ 25-ന് എറണാകുളം മറൈൻഡ്രൈവിൽ. രാജ്യാന്തര പ്രതിനിധികൾ ഒത്തുചേരുന്നു. എല്ലാവരും പങ്കെടുക്കുക.**



cmyk

## വികാരിയുടെ കത്ത്

# ജീവിതം ഫലപ്രദമാകുവാൻ

ഫാ. പി. ഐ. വർഗ്ഗീസ്



മാതൃകകൾ ഇന്ന് വളരെ വിരളമായി ക്കൊണ്ടിരിക്കുന്നു. സമസ്ത മേഖലകളിലും സദ്മാതൃകകളുടെ അപര്യാപ്തത ഭാവിയുടെ ഭാവുകത്തെ സന്ദേഹപൂരിതമാക്കുന്നു. ഏതാണ്ട് ഒരുതരം നിസ്സഹായത. വരും തലമുറയ്ക്ക് ശക്തമായ ആഘാതം ഏൽപ്പിക്കുന്ന ഈ സ്ഥിതി വിശേഷത്തിന് കടിഞ്ഞാൺ ഇടാൻ തിരുവചനത്തിലെ ഉത്തമ മാതൃകകളിലൂടെ സഞ്ചരിച്ചും, മാറ്റങ്ങൾ പഠനവിധേയമാക്കിയും പരിഹൃതമാക്കുകയാണ് കരണീയമായിട്ടുള്ളത്.

വി. വേദപുസ്തകത്തിൽ വിവിധ തലങ്ങളിൽ അനുകരണീയമായ ശ്രേഷ്ഠ മാതൃകകൾ നമുക്കു കാണാം. വാത്സല്യാതിരേകത്തിൽ, ഒരു മാതൃകാ പിതാവ്, ദൂർത്തപുത്രൻ ഉപമയിലെ പിതാവുതന്നെ. തന്റെ പുത്രൻ തന്നെ ധിക്കരിച്ച് വീടുവിട്ടു സർവ്വവും അന്യാധീനമാക്കിയെങ്കിലും സ്നേഹധനനായ ആ പിതാവിന്റെ കാത്തിരിപ്പിന്റെ ചിത്രം ഹൃദയസ്പർശിയാണ്. ഉത്തമനായ അയൽക്കാരൻ ആ ശമരിയാക്കാരൻ തന്നെ എന്ന് കർത്താവ് ഉദ്ബോധിപ്പിക്കുന്നു. അമ്മ-മരുമകൾ ബന്ധത്തിന് ഉദാത്ത മാതൃക നവോമി-രൂത്തിൽ കാണാം. ഭർതൃസ്നേഹത്തിന്റെ പാരമ്യം എൽക്കാനായിൽ ദർശിക്കുമ്പോൾ, അത്യുത്തമരായ ദമ്പതിമാർ സഖറിയായിലും ഏലിസബേത്തിലും അനുകരണീയരായി മനുഷ്യമനസ്സുകളിൽ ജീവിക്കുന്നു. അങ്ങനെയെങ്കിൽ Best Son, Best Youth എന്നീ പദവികൾ അനിർവചനീയമായ മാതൃകാസമ്പന്നത കൊണ്ട് നിറഞ്ഞ യൗസേപ്പിന് അവകാശപ്പെട്ടതാണ്. കുടുംബ ബന്ധങ്ങളിൽ സാമൂഹിക പ്രതിബദ്ധതയിൽ, പരിശോധനകളിൽ പതറാതെ ഒരു തേജോഗോളമായി യൗസേഫ് ഉജ്ജ്വല കാന്തിയിൽ ശോഭിക്കുന്നു. ഗോത്രപിതാവായ യാക്കോബ് തന്റെ മക്കളെ അനുഗ്രഹിക്കുന്ന വേളയിൽ നൽകുന്ന അനുഗ്രഹ വചസ്സുകളിൽ യൗസേഫിന്റെ വിശേഷണമായി 'ഫലപ്രദമായൊരു വൃക്ഷം' എന്ന പ്രതിപാദനം തന്നെ തന്റെ വ്യക്തിത്വത്തിന്റെ ബഹിർസ്ഫുരണമാണ്.

വികാരോജ്ജ്വലമായ ഒരു നോവലിന്റെ ഇതിവൃത്തംപോലെ ഹൃദയസ്പർശിയായാണ് യൗസേഫിന്റെ ചരിത്രം ഉൽപത്തി 37-ാം അദ്ധ്യായത്തിൽ ആരംഭിക്കുന്നത്. ജനനത്തെപ്പറ്റി 30-ാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നുണ്ടെങ്കിലും; പിതാവിന്റെ അമിതലാളന, സഹോദരങ്ങളുടെ അപ്രീതി, പൊട്ടക്കിണറ്റിൽ ഇടുന്നത്, പൊത്തിഫേറിന്റെ ഭവനത്തിലെ അഗ്നിപരീക്ഷകൾ, പതിമൂന്നു വർഷത്തെ ജയിൽ വാസം, അത്ഭുതാവഹമായ ദൈവീക ഇടപെടലും വിടുവിപ്പും മിസ്രേമിലെ മന്ത്രിപദം, സഹോദരന്മാരുടെ സന്ദർശനം, പിതാവും സഹോദരരുമായുള്ള വികാരസ്പർശിയായ ഒത്തുചേരൽ ഇങ്ങനെ നീങ്ങുന്ന യൗസേഫിന്റെ ചരിത്രം അവസാനിക്കുമ്പോൾ ഉല്പത്തി പുസ്തകവും അവസാനിക്കുന്നു.

സംഭവബഹുലമായ യൗസേഫിന്റെ ഈ ചരിത്രത്തിൽ നിന്ന് പരിമിതമായ ഏതാനും ആശയങ്ങൾ സ്വാംശീകരിക്കാം.

സ്വച്ഛന്ദവും സമാധാനപൂർണ്ണവുമായിരുന്നില്ല യൗസേഫിന്റെ കുടുംബ പശ്ചാത്തലം. കുടുംബത്തിലെ നിസ്സാര പ്രശ്നങ്ങൾ ബാലമനസ്സുകളെ പോലും തളർത്താറുള്ളപ്പോൾ യൗസേഫിന്റെ യുവത്വം അനുപമമായി പ്രശോഭിക്കുകയാണ്. ആത്മീയത നിറഞ്ഞ നല്ല കുടുംബാന്തരീക്ഷം വളരുന്ന തലമുറയുടെ ആവശ്യവും അവകാശവുമാണ്. എന്നാൽ പ്രശ്നങ്ങളുടെ കുത്തൊഴുക്കിലും സമ്പൂർണ്ണമായ ഒരു വ്യക്തിത്വം നിലനിർത്തുവാൻ പ്രാർത്ഥനാപൂർവ്വം ഉത്സാഹിക്കണം എന്ന് യൗസേഫിന്റെ മാതൃക നമ്മോട് ആവശ്യപ്പെടുകയാണ്.

മറ്റൊരു യുവാവിനും അനുഭവിക്കേണ്ടി വന്നിട്ടില്ലാത്ത വിധം ദൗർഭാഗ്യങ്ങളുടെ പരമ്പര യൗസേഫിനെ പിൻതുടർന്നപ്പോൾ, അവനെ താങ്ങി നിർത്തിയ രഹസ്യം എന്തായിരിക്കാം? കായിക ശേഷിയിലും വ്യക്തിത്വ വികസനത്തിലും കൂടുതൽ ഊന്നൽ കൊടുക്കുന്ന യുവതലമുറ ഒന്നുശ്രദ്ധിക്കൂ. യൗസേപ്പിന്റെ ജിവിത വിജയത്തിന്റെ രഹസ്യം 'ദൈവം യൗസേഫിനോടുകൂടെ ഉണ്ടായിരുന്നു'. എന്ന അതിശ്രേഷ്ഠമായ മർമ്മവും "അവൻ ചെയ്തതൊക്കെയും സഫലമാക്കി" എന്ന കർമ്മ ഫലവുമാണ്.

യൗസേഫ് ദർശനമുള്ള ഒരു യുവാവായിരുന്നെങ്കിലും കേവലം സ്വപ്ന ജീവിയായിരുന്നില്ല. ഫറവോൻ കണ്ട സ്വപ്നത്തിന്റെ വ്യാഖ്യാനംകൊണ്ട് തൃപ്തനാകാതെ ദർശനത്തിന് അനുരൂപമായി ഭാവിചരിത്രത്തെ തിരുത്തുവാൻ കഴിഞ്ഞു. സമൃദ്ധിയുടെ വർഷങ്ങൾ കരുതലിന്റെ വർഷങ്ങളായി. ആധുനീക സമൂഹത്തിൽ ഭാവിതലമുറയെക്കുറിച്ച് ചിന്തിക്കുന്ന നേതൃത്വം ഉണ്ടോ എന്ന ആശങ്ക പ്രബലപ്പെടുകയാണ്. സാമൂഹ്യ രാഷ്ട്രീയ ആത്മീയ മേഖലകളിൽ അനുകരണീയ മാതൃകകൾ വിരളമാണ്. രാഷ്ട്രശില്പിയുടെ വാക്കുകൾ ഇവിടെ വളരെ പ്രസക്തമാണ്. "Politicians think about the coming elections, while statesmen think about the coming generations". യൗസേഫിനെപ്പോലെ ദർശനമുള്ള നേതൃത്വം ഇന്നിന്റെ ആവശ്യമാണ്.

'എന്നെ ഇവിടെ വിറ്റതുകൊണ്ട് നിങ്ങൾ വ്യസനിക്കേണ്ട, വിഷാദിക്കയും വേണ്ട. ജീവരക്ഷയ്ക്കായി ദൈവം എന്നെ നിങ്ങൾക്ക് മുമ്പായി അയച്ചതാകുന്നു'. എന്നു പറഞ്ഞുകൊണ്ടുള്ള യൗസേഫിന്റെ ആത്മനിറവുള്ള ആശ്വാസ വചനങ്ങൾ "ഭൂമിയിലെ പറുദീസ"തന്നിലൂടെ പ്രാബല്യത്തിൽ വരുന്ന ചരിത്രമാണ് വരച്ചുകാട്ടുന്നത്. ക്രിസ്തീയ കുടുംബങ്ങളാണ് ഭൂമിയിലെ പറുദീസ. മനുഷ്യരാശിക്ക് യഹോവയായ ദൈവം കൽപ്പിച്ചു നൽകിയിരിക്കുന്ന ദൈവീക സ്ഥാപനമാണത്. യൗസേഫിനെപ്പോലെ ദൈവം കൂടെയുള്ള മാതൃകാസമ്പന്നരായ യൂവാക്കളും യുവതികളും ക്രിസ്തീയ കുടുംബം നന്നായി പണിതെടുക്കുവാൻ മുമ്പോട്ടു വരണം. അപ്പോൾ പറുദീസയുടെ മുന്നാസ്വാദനം ഓരോ കുടുംബത്തിലും അനുഭവവേദ്യമാകും. ■

# മറ്റുള്ളവർക്കായി കരുതുന്നവരെ ദൈവം കരുതും

"അങ്ങനെ തന്നെ നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതൊക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല" (ലൂക്കോ 14:23). മറ്റുള്ളവരെപ്പറ്റി ചിന്തയോ, കരുതലോ ഇല്ലാത്തവർ ഒരിക്കലും സംതൃപ്തരായിരിക്കയില്ല. വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് നല്ലത് എന്ന് കർത്താവു പറഞ്ഞു.

ജോൺ ഡി. റോക് ഫെല്ലർ പണം സമ്പാദിക്കുവാൻവേണ്ടി മാത്രം ജീവിച്ച് ലോകത്തിലെ ധനികരിൽ അഗ്രഗണ്യനായി. അയാളുടെ ജോലിക്കാരെക്കുറിച്ച് അയാൾക്ക് യാതൊരു കരുതലുമില്ലായിരുന്നു. എല്ലാവരും അയാളെ വെറുത്തു. മനോസുഖം നഷ്ടപ്പെട്ട് അയാൾ രോഗിയുമായി. ഒരു രാത്രി ഉറക്കമില്ലാതെ കിടക്കുമ്പോൾ തന്റെ കുറവിനെപ്പറ്റി അയാൾ ചിന്തിച്ചു. തന്റെ കുറവു നികത്താനായി അയാളുടെ പണം മനുഷ്യനന്മയ്ക്കായി ഉപയോഗിക്കുവാൻ അയാൾ നിശ്ചയിച്ചു. അതിന്റെ ഫലമായി രൂപംകൊണ്ടതാണ് റോക്ക്വെൽ ഫൗണ്ടേഷൻ. ലോകമെമ്പാടുമുള്ള അനേകം ആശുപത്രികൾക്കും, അനാഥാലയങ്ങൾക്കും തണലേകി നിൽക്കുന്ന റോക്ക്വെൽ ഫൗണ്ടേഷൻ രൂപം കൊടുത്തതോടെ അദ്ദേഹം സന്തോഷചിത്തനായി തീരുകയും , മനുഷ്യർ അദ്ദേഹത്തെ സ്നേഹിച്ചു തുടങ്ങുകയും അദ്ദേഹം മനസ്സമാധാനത്തോടെ 98 വയസ്സുവരെ ജീവിക്കയും ചെയ്തു.

സ്വന്തം കാര്യം ലക്ഷ്യമാക്കാതെ മറ്റുള്ളവർക്കുവേണ്ടി ചെയ്യുന്ന ഏതു പ്രവർത്തിയും നമ്മെ സന്തോഷത്തിലേക്കു നയിക്കും. എപ്പോഴും നമ്മുടെ പ്രയാസങ്ങളെക്കുറിച്ചു ചിന്തിക്കാതെ അതിലും വലിയ പ്രയാസങ്ങൾ നേരിടുന്ന "മറ്റുള്ളവരെ കരുതുക". ദൈവം നമ്മളെ സൃഷ്ടിച്ചത് എന്തിനാണെന്ന് കൊച്ചു കുഞ്ഞ് അമ്മയോട് ചോദിച്ചപ്പോൾ അമ്മ പറഞ്ഞു മറ്റുള്ളവരെ കരുതുവാനാണെന്ന്. ഉടനെ കുഞ്ഞു ചോദിച്ചത് അപ്പോൾ അമ്മേ... മറ്റുള്ളവരെ സൃഷ്ടിച്ചത് എന്തിനാണെന്നാണ്. അമ്മയുടെ മറുപടി അത് "നമ്മെ കരുതുവാനാ"ണെന്നായിരുന്നു.





## കുടുംബ വിശേഷങ്ങൾ

# കത്തീഡ്രൽ ചാപ്പലിൽ ഓർമ്മപ്പെരുന്നാൾ

മലങ്കര സഭയിലെ ആദ്യ പ്രഖ്യാപിത പരിശുദ്ധനായ പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ 110-ാം ഓർമ്മപ്പെരുന്നാൾ കത്തീഡ്രലിന്റെ എളംകുളം ചാപ്പലിൽ 28.10.2012 ഞായറാഴ്ച ആചരിച്ചു. രാവിലെ ആറുമണിക്ക് ഫാദർ പ്രിൻസ് മാത്യു കൊടിയേറ്റിയതോടെ പെരുന്നാളാഘോഷം ആരംഭിച്ചു. തുടർന്ന് ഏലിയാസച്ചൻ വി. കുർബ്ബാന അർപ്പിച്ചു. ഏലിയാസച്ചന്റേയും പ്രിൻസച്ചന്റേയും നേതൃത്വത്തിൽ എസ്. എ. റോഡ് കുരിശും തൊട്ടിയിലേക്കുള്ള റാസയ്ക്കു ശേഷം, ആശീർവാദം, നേർച്ച വിളമ്പ്, പ്രഭാത ഭക്ഷണം തുടങ്ങിയ പരിപാടികളോടെ പെരുന്നാൾ സമാപിക്കുകയും ചെയ്തു. ആഘോഷങ്ങൾക്ക് കൊഴുപ്പേകാൻ വാദ്യ ഘോഷങ്ങളുടെ അകമ്പടിയും, കരിമരുന്ന് പ്രയോഗവും ഉണ്ടായിരുന്നു.















cmyk